**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണസ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി - മാർഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.45/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/03/2020

---

പരാമർശം:- 1 05.12.2019 ലെ സ.ഉ (കൈ) നം. 157/2019 ത.സ്വ.ഭ.വ

2 04.12.2019 ലെ സ.ഉ (കൈ) നം. 156/2019 ത.സ്വ.ഭ.വ

3 06.01.2020 ലെ സ.ഉ (കൈ) നം. 9/2020 ത.സ്വ.ഭ.വ

4 14.01.2020 ലെ സ.ഉ (കൈ) നം. 14/2020 ത.സ്വ.ഭ.വ

5 23.01.2020 ലെ സ.ഉ (കൈ) നം. 19/2020 ത.സ്വ.ഭ.വ

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരളം അഭിമുഖീകരിച്ച പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവൃത്തികളും ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത്, നഗരസഭാതലങ്ങളിൽ ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും അവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനും ഉള്ള മാർഗനിർദ്ദേശങ്ങൾ മുകളിൽ (2) മുതൽ (5) വരെ പരാമർശിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരവും നൽകിയിരുന്നു. ഈ ഉത്തരവുകൾക്ക് തുടർച്ചയായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി ഏറ്റെടുത്ത് നടപ്പാക്കേണ്ട പന്ത്രണ്ട് പരിപാടികൾ സംബന്ധിച്ച് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, കില
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

**തദ്ദേശ ഭരണ സ്ഥാപനങ്ങൾ, 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയെ സംബന്ധിക്കുന്ന മാർഗരേഖ**

## 1. വിശപ്പുരഹിത കേരളം - ജനകീയ ഹോട്ടൽ

1.1 സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും ഒന്നു വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന ക്രമത്തിലും 25 രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഒരു പഞ്ചായത്തിൽ ഒന്നിലേറെ ഭക്ഷണശാലകൾ ആരംഭിക്കുന്നതിനുള്ള സ്വാതന്ത്ര്യവും പഞ്ചായത്തുകൾക്കുണ്ടായിരിക്കും.

1.2 10% ഊണ് സൗജന്യമായി നൽകേണ്ടതാണ്. ഇതിന് വേണ്ട തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണം. പൊതുസംഘടനകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ തുടങ്ങിയവരിൽ നിന്ന് കൂടാതെ ജൻമദിനം, വിവാഹം, ഓർമ്മദിനം തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തികളിൽ നിന്നും സംഭാവന, പണമായോ സാധനങ്ങളായോ, സ്വീകരിക്കാവുന്നതാണ്. പണം തന്ന് ഭക്ഷണം കഴിക്കുന്നവർ മറ്റൊരു ഊണുകൂടി സ്പോൺസർ ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സംഭാവനകൾ സ്വീകരിക്കുന്നതിന് പൊതുജനങ്ങൾക്ക് കൂടി ബോധ്യപ്പെടുന്ന തരത്തിൽ സുതാര്യ നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്. സംഭാവനകളും മറ്റും സംരംഭകത്വത്തിന്റെ ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കേണ്ടത്.

1.3 പുതുതായി കെട്ടിടം നിർമ്മിച്ചുകൊണ്ടല്ല, മറിച്ച് അനുയോജ്യമായ സ്ഥലത്ത് കെട്ടിടം വാടകയ്ക്കെടുത്തോ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയോ വേണം ജനകീയ ഹോട്ടലുകൾ ആരംഭിക്കേണ്ടത്. കെട്ടിടത്തിൽ വെള്ളം, വെളിച്ചം, ശുചിത്വ സൗകര്യങ്ങൾ, ഫർണീച്ചർ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതാണ്. അതുപോലെ ജനകീയ ഹോട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിന് കെട്ടിടത്തിൽ ഏറ്റവും അവശ്യമായ അറ്റകുറ്റപ്പണികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർവഹിക്കാവുന്നതാണ്.

1.4 കെട്ടിടത്തിന്റെ വാടക, വൈദ്യുതിചാർജ്ജ്, വാട്ടർചാർജ്ജ് എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭ മുടക്കം കൂടാതെ വഹിക്കേണ്ടതാണ്.

1.5 ജനകീയ ഹോട്ടലിന് ആവശ്യമായ പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ ലഭ്യമാക്കുന്നതാണ്.

1.6 ഗ്രാമ പ്രദേശത്തെ ജനകീയ ഹോട്ടലുകൾക്ക് ഒരു ഹോട്ടലിന് 10,000 രൂപ നിരക്കിൽ ജില്ലാ പഞ്ചായത്തും അതത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഒരു ഹോട്ടലിന് 20,000 രൂപ നിരക്കിൽ ബ്ലോക്ക് പഞ്ചായത്തും റിവോൾവിംഗ് ഫണ്ട് തുടക്കത്തിൽ

തന്നെ നൽകേണ്ടതാണ്. നഗര പ്രദേശത്ത് ഒരു ഹോട്ടലിന് 30,000 രൂപ നിരക്കിൽ എല്ലാ ജനകീയ ഹോട്ടലുകൾക്കും വേണ്ട റിവോൾവിംഗ് ഫണ്ട് ബന്ധപ്പെട്ട നഗരസഭ നൽകണം.

1.7 ഊണിനു വേണ്ടുന്ന അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതാണ്.

1.8 ഊണ് ഒന്നിന് 5 രൂപ വീതം (സൗജന്യമായി നൽകുന്ന ഊണിനടക്കം) സർക്കാർ നൽകുന്ന സബ്സിഡി കുടുംബശ്രീ മിഷൻ വഴി ലഭ്യമാക്കുന്നതാണ്. ഊണിന്റെ എണ്ണം കൃത്യമായി നിശ്ചയിക്കുന്നതിന് ജില്ലാ മിഷൻ തയ്യാറാക്കുന്ന കൂപ്പണുകൾ തന്നെവേണം ഉപയോഗിക്കേണ്ടത്.

1.9 ഒരു ഹോട്ടൽ സംരംഭം എന്ന നിലയിൽ തന്നെയായിരിക്കും ജനകീയ ഹോട്ടലിന്റെയും പ്രവർത്തനം. ആ പ്രദേശത്ത് വില്പന സാധ്യതയുള്ള എല്ലാതരം ഭക്ഷണവും എല്ലാ സമയവും വിൽക്കാവുന്നതാണ്. ഉച്ചയൂണൊഴികെ ഭക്ഷണ സാധനങ്ങളുടെ നിരക്ക് പ്രാദേശിക വില നിലവാരം അടിസ്ഥാനപ്പെടുത്തി യൂണിറ്റിനു തന്നെ തീരുമാനിക്കാവുന്നതാണ്. എന്നാൽ ഇതിന് സബ്സിഡിയോ സൗജന്യ നിരക്കിലുള്ള അരിയോ ലഭിക്കുന്നതല്ല.

1.10 പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകളുടെ ഭക്ഷ്യ സാധനങ്ങൾ, ധാന്യപ്പൊടികൾ, പച്ചക്കറികൾ എന്നിവ വിൽപ്പന നടത്തുന്നതിനുള്ള സൗകര്യം കൂടി ജനകീയ ഹോട്ടലിൽ ഉണ്ടായിരിക്കുന്നത് സംരംഭം കൂടുതൽ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് സഹായിക്കും.

1.11 സംരംഭക യൂണിറ്റിൽ കുറഞ്ഞത് 2–3 പേർ (വനിതകൾ) ഉണ്ടായിരിക്കണം. ആവശ്യമെങ്കിൽ കൂടുതൽ ആളുകളെ നിയോഗിക്കാവുന്നതാണ്. സമീപ പഞ്ചായത്തുകൾക്ക് കേന്ദ്രീകൃത കിച്ചൺ സ്ഥാപിക്കുന്നതിന് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഒരു പഞ്ചായത്തിൽ ഒന്നിലേറെ ഹോട്ടലുകൾ ഉണ്ടെങ്കിലും ഈ രീതി അവലംബിക്കാവുന്നതാണ്.

1.12 സംരംഭക ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സമീപനവും ബോധ്യമാക്കുന്ന തരത്തിലുള്ള സംരംഭക വികസന പരിശീലനവും നടത്തിപ്പിന് ആവശ്യമായ പരിശീലനവും കുടുംബശ്രീ നൽകുന്നതാണ്.

1.13 ജനകീയ ഹോട്ടലിന്റെ പ്രവർത്തനം, സംഘാടനം എന്നിവ സംബന്ധിച്ച നിയമാവലി കുടുംബശ്രീ തയ്യാറാക്കി ലഭ്യമാക്കുന്നതാണ്. കുടുംബശ്രീ നിഷ്കർഷിക്കുന്ന ഏകീകൃതമായ ബോർഡും രീതികളും ഹോട്ടലുകൾ സ്വീകരിക്കേണ്ടതാണ്.

1.14 കിടപ്പു രോഗികൾക്കും വയോജനങ്ങൾക്കും ആവശ്യമായ ഉച്ചഭക്ഷണം വാതിൽപ്പടിയിൽ ജനകീയ ഹോട്ടലിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം ഊണിന്റെ വില നൽകാവുന്നതാണ്. ഭക്ഷണം എത്തിക്കുന്നതിനുള്ള പാത്രവും ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും തദ്ദേശഭരണ സ്ഥാപനത്തിന് ഏർപ്പെടുത്താവുന്നതാണ്.

1.15 മുകളിൽ പ്രതിപാദിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഈ പരിപാടിക്കു വേണ്ട തുക തനത്/വികസന ഫണ്ടുകളിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. തൊഴിൽ സംരംഭത്തിനുള്ള പ്രോത്സാഹനം എന്ന നിലയ്ക്ക് പ്രോജക്ട് ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്.

1.16 പാലിയേറ്റീവ് സംഘടനകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയ്ക്കും വിശപ്പുരഹിത കേരളം പദ്ധതിയിൽ ഭക്ഷണശാലകൾ ആരംഭിക്കാവുന്നതാണ്. ഇവയ്ക്ക് സബ്സിഡി നിരക്കിലുള്ള അരിയും, ഊണിന് 5 രൂപ സബ്സിഡിയും ലഭ്യമാകും. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിതരണ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

## 2. വയോ ക്ലബുകൾ

2.1 സംസ്ഥാനത്ത് വയോജനങ്ങളുടെ എണ്ണം കൂടി വരികയാണ്. വാർദ്ധക്യത്തിൽ പൗരർക്കർഹമായ സ്ഥാനങ്ങൾ ഉറപ്പുവരുത്തി അവരുടെ ജീവിതം സമാധാനപൂർണ്ണവും പ്രയോജനപ്രദവും അന്തസ്സുറ്റതും ആക്കുന്നതിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ബാധ്യസ്ഥമാണെന്ന് സംസ്ഥാന വയോജന നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സമ്പൂർണ്ണ വയോ സൗഹൃദ തദ്ദേശഭരണ സ്ഥാപനമായി മാറുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ആരംഭിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി 2020-21 ൽ 5000-ത്തോളം വയോ ക്ലബുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. വയോജനങ്ങൾക്കുവേണ്ടി പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ-വിനോദ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കുക എന്നതാണ് വയോ ക്ലബുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. അതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും ചുവടെ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ 2020-21 ൽ ഏറ്റെടുക്കേണ്ടതാണ്.

2.2 ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും മൂന്ന് വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന കണക്കിലും വയോക്ലബുകൾ ആരംഭിക്കേണ്ടതാണ്. പുതിയ കെട്ടിടം നിർമ്മിക്കേണ്ടതില്ല; പകരം നിലവിലുള്ള സ്വന്തം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തണം. അതിനു കഴിയുന്നില്ലെങ്കിൽ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ ഉൾപ്പെടെയുള്ള മറ്റ് കെട്ടിടങ്ങൾ സ്പോൺസർഷിപ്പ് മുഖേനയോ വാടകയ്ക്കോ ലഭ്യമാക്കുന്നതിന് ശ്രമിക്കണം. ഗ്രന്ഥശാലകളുടെയും കലാസമിതികളുടെയും കെട്ടിട സൗകര്യവും ഉപയോഗപ്പെടുത്താവുന്നതാണ്. വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ കഴിയുന്ന സ്ഥലമായിരിക്കണം.

2.3 വയോക്ലബുകൾ വയോജന സൗഹൃദമായിരിക്കണം. തടസ്സരഹിത സഞ്ചാരത്തിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കണം.

2.4 വയോക്ലബിന് പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കേണ്ടതാണ്. ഒരു കെയർടേക്കർക്ക് 4000 രൂപ നിരക്കിൽ കുടുംബശ്രീ മിഷൻ തദ്ദേശ സ്ഥാപനത്തിൽ നൽകുന്നതായിരിക്കും.

ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 500 രൂപ വീതം നൽകേണ്ടതാണ്. നഗരപ്രദേശങ്ങളിൽ 1000 രൂപ നഗരസഭ ലഭ്യമാക്കണം.

2.5 ഗ്യാസ് അടുപ്പ്, പാത്രങ്ങൾ, കുടിവെള്ള സൗകര്യം എന്നിവ കുടുംബശ്രീ മിഷൻ ലഭ്യമാക്കുന്നതാണ്.

2.6 ടെലിവിഷൻ, പത്രങ്ങൾ, മാസികകൾ, മറ്റ് ആനുകാലികങ്ങൾ മുതലായവ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കേണ്ടതാണ്.

2.7 വയോക്ലബുകൾ പ്രവർത്തിക്കുന്ന കേന്ദ്രത്തെ വയോജന അയൽക്കൂട്ടങ്ങളുടെ ആസ്ഥാനമായും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് റെമഡിയൽ കോച്ചിംഗ് നൽകുന്ന കേന്ദ്രമായും വയോജന സേവന കേന്ദ്രമായും പ്രയോജന പ്പെടുത്താവുന്നതാണ്.

2.8 വയോജന സേവന കേന്ദ്രത്തിൽ നിശ്ചിത ദിവസങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ / നഴ്സിന്റെ സേവനമോ, അല്ലെങ്കിൽ പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് നിയോഗിച്ചിട്ടുള്ള നേഴ്സിന്റെ സേവനമോ ലഭ്യമാക്കണം.

2.9 ക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള സർക്കാർ സേവനങ്ങൾ ഈ കേന്ദ്രത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.10 പെൻഷൻ സംഘടനകളുടെയും സീനിയർ സിറ്റിസൺ സംഘടനകളുടെയും പങ്കാളിത്തം വയോ സൗഹൃദ പ്രവർത്തനങ്ങളിൽ ഉറപ്പാക്കേണ്ടതാണ്. ഇവരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന വയോസൗഹൃദ സഹായ സമിതി രൂപീകരിക്കാവുന്നതാണ്.

2.11 വയോ ക്ലബുകൾക്ക് വയോ സൗഹൃദ ഫർണിച്ചറുകൾ ലഭ്യമാക്കണം. കഴിയുന്നിടത്തോളം സ്പോൺസർഷിപ്പിലൂടെ ഇവ ലഭ്യമാക്കുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക്/നഗരസഭയ്ക്ക് അവ വാങ്ങി നൽകാവുന്നതാണ്.

2.12 വയോക്ലബുകളുടെ കെട്ടിടവാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വഹിക്കണം. ഈ ചെലവുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കാവുന്നതാണ്.

2.13 വയോക്ലബുകൾ യാഥാർഥ്യമാക്കുന്നതിനൊപ്പം വയോ സൗഹൃദ തദ്ദേശഭരണ പ്രദേശമായി മാറുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കാവുന്നതാണ്.

(1) വയോ സൗഹൃദ തദ്ദേശഭരണം എന്നത് നയമായി ഭരണസമിതി അംഗീകരിക്കണം.

(2) വയോജനങ്ങളുടെ സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച് വയോജന ഗ്രാമസഭ ചേരുകയും വിശദമായ കൂടിയാലോചന നടത്തുകയും ചെയ്ത് അനുയോജ്യമായ പദ്ധതി ഉണ്ടാക്കണം.

(3) സാമൂഹികം, സാമ്പത്തികം, ആരോഗ്യം എന്നീ മേഖലകളിൽ വയോസൗഹൃദ മാക്കാനുള്ള കർമ്മപരിപാടി സർവ്വേ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കണം.

(4) പൊതുഇടങ്ങളിൽ കൈവരികളും പൊതുസ്ഥലങ്ങളിൽ തടസരഹിത സഞ്ചാരത്തിന് സഹായകമായ സൗകര്യങ്ങളും ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

(5) നിലവിൽ സർക്കാർ വകുപ്പുകൾ വയോജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ അർഹരായ എല്ലാ വയോജനങ്ങൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

(6) വീട്ടിലുള്ള അംഗങ്ങളുടെയും സന്ദർശകരുടേയും മനോഭാവം സൗഹൃദപരമാക്കാൻ കൗൺസിലിംഗും ബോധവൽക്കരണവും സംഘടിപ്പിക്കണം. സൗഹാർദ്ദ സന്ദർശനങ്ങൾ നടത്താനും സൗകര്യം ഉണ്ടാകണം.

(7) സാന്ത്വനപരിചരണം എല്ലാ കിടപ്പുരോഗികൾക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

## 3. ശുചിത്വ കേരളം

3.1 സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും, നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഘട്ടം ഘട്ടമായി സമ്പൂർണ്ണ ശുചിത്വ പദവി നേടുകയാണ് ലക്ഷ്യം. ആദ്യ ഘട്ടമായി, വരുന്ന ഓണത്തിന് മുൻപ് (2020 ആഗസ്റ്റിന്) 500-ഓളം ഗ്രാമപഞ്ചായത്തുകളിലും 50-ഓളം നഗരസഭകളിലും ഖരമാലിന്യ സംസ്കരണത്തിൽ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കണം. ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടത്തേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ജില്ലാ ആസൂത്രണ സമിതി ശുചിത്വമിഷനും ഹരിതകേരള മിഷനുമായി കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.

3.2 സമ്പൂർണ്ണ ശുചിത്വ പദവി (ഖരമാലിന്യ സംസ്കരണം) കൈവരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

(1) മാലിന്യങ്ങൾ സ്രോതസിൽ വേർതിരിക്കണം
(2) ജൈവ മാലിന്യം വീട്ടിലോ സമീപത്തോ സംസ്കരിക്കണം
(3) അജൈവ മാലിന്യം ശേഖരിക്കാൻ എം.സി.എഫ്.-ഉം തുടർപരിപാലനത്തിന് ആവശ്യമായ റിസോഴ്സ് റിക്കവറി സെന്ററും സജ്ജമാക്കണം
(4) കടകളിലെ മാലിന്യം സംസ്കരിക്കാനും ശേഖരിക്കാനും പ്രത്യേക സംവിധാനം ഉണ്ടാകണം
(5) പ്രവർത്തന സജ്ജമായ ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാക്കണം.
(6) എല്ലാ പൊതുഓഫീസുകളും സ്ഥാപനങ്ങളും ശുചിയായിരിക്കണം.
(7) ഗ്രീൻ പ്രോട്ടോകോൾ പാലിക്കണം
(8) നിരത്തുകൾ വൃത്തിയുള്ളതാകണം
(9) ഡമ്പിംഗ് കേന്ദ്രങ്ങൾ പാടില്ല

3.3 എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കാനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

3.4 വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ യൂണിറ്റ് കോസ്റ്റിന്റെ 90 ശതമാനം സബ്സിഡി നൽകാവുന്നതാണ്.

3.5 ഇതിന്റെ പ്രവർത്തന പുരോഗതി ഹരിതകേരളം മിഷൻ മോണിട്ടർ ചെയ്യേണ്ടതാണ്. സാങ്കേതിക സഹായവും ഉപദേശ നിർദ്ദേശങ്ങളും ശുചിത്വ മിഷൻ നൽകുന്നതാണ്.

3.6 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കൽ:- അനുയോജ്യമായ സ്ഥലം, കുറഞ്ഞത് ഒരേക്കർ, ജനസമ്മതി ഉറപ്പാക്കി ലഭ്യമാക്കിയാൽ കേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും അനുബന്ധപാർക്കും സർക്കാർ നിർമ്മിച്ച് നൽകുന്നതാണ്. ഇങ്ങനെ സ്ഥലം ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും 5 കോടി രൂപ പ്രത്യേക വികസന ഗ്രാന്റ് സർക്കാർ നൽകുന്നതാണ്.

## 4. പൊതു ടോയ് ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും

4.1 പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിവിധ സ്ഥലങ്ങളിൽ 12,000-ത്തോളം പൊതു ടോയ് ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുകയാണ് ലക്ഷ്യം. വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി ഇത് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന് ചുവടെ പ്രതിപാദിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്.

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ / കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

(2) ദേശീയപാതയുടെയും പൊതുമരാമത്ത് വകുപ്പ് റോഡുകളുടെയും ഓരത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പൊതു ടോയ് ലെറ്റുകൾ സ്ഥാപിക്കൽ

(3) സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ടോയ് ലെറ്റുകൾ സ്ഥാപിക്കൽ

(4) കെഎസ്ആർടിസി ഉൾപ്പെടെയുള്ള ബസ് സ്റ്റാന്റുകൾ, മാർക്കറ്റ് തുടങ്ങിയ പൊതുസ്ഥലങ്ങളിലെ ടോയ് ലെറ്റ് ബ്ലോക്കുകൾ ഏറ്റെടുത്ത് നടത്തൽ.

(5) പെട്രോൾ പമ്പുകളിൽ നിലവിലുള്ള ടോയ് ലെറ്റുകളുടെ നവീകരണം. ഇതു സംബന്ധിച്ച് ഓയിൽ കമ്പനികളുമായി സർക്കാർ ചർച്ചകൾ നടത്തുന്നുണ്ട്.

4.2 തദ്ദേശഭരണ സ്ഥാപനങ്ങളുടെ / കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) ഗ്രാമപഞ്ചായത്തുകളിലും ചെറിയ മുനിസിപ്പാലിറ്റികളിലും ഒന്ന് വീതവും വലിയ മുനിസിപ്പാലിറ്റികളിൽ രണ്ട് വീതവും കോർപ്പറേഷനുകളിൽ അഞ്ച് വീതവും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കണം. കേന്ദ്രത്തിൽ വിശ്രമ സ്ഥലം, കുടിവെള്ളം, നാപ്കിൻ വെന്റിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ ഉണ്ടാകണം.

(2) കേന്ദ്രം സ്ഥാപിക്കുന്നതിന് കഴിയുന്നിടത്തോളം സി.എസ്.ആർ. ഫണ്ടുകൾ, എം.പി/ എം.എൽ.എ ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

(3) കേന്ദ്രത്തിൽ വെള്ളം, വെളിച്ചം എന്നിവ ഏർപ്പെടുത്തേണ്ടതാണ്. കറണ്ട് ചാർജ്, വാട്ടർ ചാർജ് എന്നിവ ഗ്രാമപഞ്ചായത്ത്/നഗരസഭ വഹിക്കണം.

(4) കേന്ദ്രത്തിന്റെ നടത്തിപ്പ്-പരിപാലന ചുമതല കുടുംബശ്രീയ്ക്ക് ആയിരിക്കും. ഇതിന്റെ ഭാഗമായി പരിശീലനം സിദ്ധിച്ച കുംടുബശ്രീ അംഗങ്ങളെ നിയോഗിക്കുന്നതാണ്. (ഒരു കേന്ദ്രത്തിന് 2 പേർ വീതം - രാവിലെ 6 മുതൽ രാത്രി 8 വരെ)

(5) അനിവാര്യമായ സ്ഥലങ്ങളിൽ രാത്രിയിലും കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(6) ജനങ്ങൾ കൂടുതലായെത്തുന്ന ഇടങ്ങളിൽ നടത്തിപ്പിനും പരിപാലനത്തിനുമായി pay & use സംവിധാനത്തിലൂടെ ആളെ ചുമതലപ്പെടുത്താവുന്നതാണ്. അല്ലാത്ത ഇടങ്ങളിൽ അടുത്തടുത്ത 5 മുതൽ 10 വരെ ടോയ് ലറ്റ് യൂണിറ്റുകളുടെ പരിപാലനത്തിന് കേന്ദ്രീകൃത സംവിധാനം (മൊബൈൽ യൂണിറ്റ്) കുടുംബശ്രീയുടെ നേതൃത്വത്തിൽ ഏർപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശം ശുചിത്വ മിഷൻ പുറപ്പെടുവിക്കുന്നതാണ്.

(7) പ്രവർത്തനത്തെ വിലയിരുത്തി കൂടുതൽ പണം ആവശ്യമായി വരികയാണെങ്കിൽ അത് കുടുംബശ്രീ ലഭ്യമാക്കുന്നതാണ്.

(8) ഇതിന്റെ ചെലവിന് ആവശ്യമായ പ്രോജക്ട് 2020-21 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(9) കേന്ദ്രത്തിന്റെ പ്രവർത്തനം ഹരിതകേരളം മിഷൻ മോണിട്ടർ ചെയ്യേണ്ടതാണ്. ആവശ്യമായ സാങ്കേതിക സഹായവും ഉപദേശ നിർദേശങ്ങളും ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്.

4.3 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് കൂടാതെ ഖണ്ഡിക 4.1 -ൽ (2) മുതൽ (5) വരെ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള ഇടപെടൽ പ്രവർത്തനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 5. തോടുകളുടെ ശുചീകരണം

5.1 തോടുകളും നദികളും ശുചീകരിക്കുന്നതിന് നമുക്ക് ഒട്ടേറെ മാതൃകകളുണ്ട്; മീനച്ചിലാർ-കോട്ടൂരാർ-മീന്തറയാർ, കിള്ളിയാർ, കാനാമ്പുഴയാർ, വരട്ടാർ-കുട്ടംപേരൂർ, കോലറയാർ മുതലായവ. ഹരിതകേരള മിഷൻ നടപ്പാക്കിയ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിനിലൂടെ ശുചീകരിച്ച നീർച്ചാലുകളുടെ ശൃംഖലയും ഇവയിൽ പ്രധാനപ്പെട്ടവയാണ്. ഈ മാതൃകകളുടെ അനുഭവങ്ങൾ ഉൾക്കൊണ്ട് അടുത്ത ഒരു വർഷം കൊണ്ട് 50,000-ത്തോളം കി.മീറ്ററും ജൂണിന് മുമ്പ് 20,000 -ത്തോളം കിലോമീറ്ററും തോടുകൾ ശുചിയാക്കുന്നതിന് ലക്ഷ്യമിടുന്നു.

5.2 തോട് ശുചീകരണ പ്രവർത്തനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഉപാധി തൊഴിലുറപ്പ് പദ്ധതിയാണ്. പ്രകൃതിവിഭവ പരിപാലനവും ജലസംരക്ഷണവും തൊഴിലുറപ്പ് പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളാണ്. പൊതുകുളങ്ങൾ, തോടുകൾ, കനാലുകൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ചുവടെപ്പറയും വിധം തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താൻ സാധിക്കും.

(1) വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളുടേയും ഒഴുക്ക് നിലച്ച തോടുകളുടേയും പുനരുദ്ധാരണ പ്രവൃത്തികൾ

- ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് ജലസംഭരണ ശേഷി വർദ്ധിപ്പിക്കൽ
- വശങ്ങളിൽ കയർ ഭൂവസ്ത്രമോ, കല്ലോ ഉപയോഗിച്ച് കെട്ടി സംരക്ഷിക്കൽ
- നദികളുടെയും കനാലുകളുടെയും തീരങ്ങളിൽ മുള പോലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ
- കുളങ്ങളുടെയും നദികളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനും ജലം സംരക്ഷിച്ചു നിർത്തുന്നതിനും ആവശ്യമായ നീർത്തട സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കൽ

5.3 മേൽപ്പറഞ്ഞതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

- തോടുകളുടെയും നീർച്ചാലുകളുടേയും ശുചീകരണം ഏറ്റെടുക്കുമ്പോൾ നീർച്ചാൽ ശൃംഖല പൂർണമായും പുനഃസ്ഥാപിക്കുന്നതിന് മുൻ‌ഗണന നൽകണം. ഇതിനായി ഇതിനകം ശുചീകരിക്കപ്പെട്ട നീർച്ചാലുകൾ 'മാപ്പത്തോൺ' ഉപയോഗപ്പെടുത്തി അടയാളപ്പെടുത്തണം. ഹരിത കേരളം മിഷനും കേരള സ്റ്റേറ്റ് ഐ.ടി മിഷനും ഇതിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കണം. തുടർന്ന് പുതുതായി ശുചീകരിക്കുന്ന തോടുകളും നീർച്ചാലുകളും മാപ്പത്തോണിൽ അടയാളപ്പെടുത്തണം.
- 2018-19 വർഷത്തെ തൊഴിലുറപ്പിൽ ശുചിയാക്കിയ തോടുകളുടെ പേരും അവയുടെ നീളവും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കണം. ഇവ വീണ്ടും തൊഴിലുറപ്പിൽ ഉൾപ്പെടുത്താനാകില്ല. ആയതിനാൽ സന്നദ്ധാടിസ്ഥാനത്തിൽ അവ ഒരിക്കൽക്കൂടി ശുചീകരിച്ച് വൃത്തിയായി തുടരുന്നു എന്ന് ഉറപ്പുവരുത്തണം.
- 2019-20 വർഷത്തെ ലേബർ ബജറ്റിൽ ഏതെല്ലാം തോടുകളുടെ പുനരുദ്ധാരണം ഉൾപ്പെടുത്തിയിരുന്നു എന്നും മേൽ തോടുകളുടെ പേരും അവയുടെ നീളവും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ആയത് ഈ വേനൽക്കാലത്തു തന്നെ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- കൂടുതൽ തോടുകൾ ഉൾപ്പെടുത്താനുണ്ടെങ്കിൽ ലേബർ ബജറ്റ് ഇതിന് അനുസൃതമായി മാറ്റങ്ങൾ വരുത്തി അംഗീകാരം നേടണം.
- മേൽപ്പറഞ്ഞ മൂന്ന് ഇനങ്ങളും സംബന്ധിച്ച വേർതിരിച്ച കണക്ക് ഡിഡിപി / നഗരകാര്യ ഡയറക്ടർ, ഹരിതകേരള മിഷൻ ജില്ലാ കോഡിനേറ്റർ എന്നിവർക്ക് സമർപ്പിക്കണം. എല്ലാ ഒന്ന്, മൂന്ന് വെള്ളിയാഴ്ചകളിലും പുതിയതായി ശുചീകരിച്ച തോടിന്റെ പേരും ദൈർഘ്യവും ഇവർക്ക് സമർപ്പിക്കണം.

5.4 ഈ ശുചീകരണ പ്രവർത്തനങ്ങൾക്ക് ജെസിബി തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കണമെങ്കിൽ അതിന് ആവശ്യമായ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. സ്പോൺസർഷിപ്പുവഴിയും ഇതിനുള്ള പണം

കണ്ടെത്താവുന്നതാണ്. സന്നദ്ധപ്രവർത്തനത്തെയും തൊഴിലുറപ്പുമായി സംയോജിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

5.5 ശുചിയാക്കുന്ന തോടുകളുടെ ഇരുവശങ്ങളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തണം. ഇതിന് ആവശ്യമായ കയർ ഭൂവസ്ത്രം കയർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് മെറ്റീരിയൽ കോസ്റ്റിന്റെ ഭാഗമായി വാങ്ങാവുന്നതാണ്. ഭൂവസ്ത്ര ഉപയോഗത്തിനുള്ള സാങ്കേതികവശങ്ങളും ഈ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നതാണ്.

5.6 കയർ ഭൂവസ്ത്രം താൽക്കാലിക ആവരണമാണ്. അവ നശിക്കും മുമ്പ് പുല്ല്, മുള, രാമച്ചം പോലുള്ള ചെടികളുടെ സസ്യാവരണം ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ പ്രവർത്തനവും തൊഴിലുറപ്പിന്റെ ഭാഗമായി കണക്കിൽ ഉൾപ്പെടുത്തണം. വേനൽക്കാലത്ത് കയർ ഭൂവസ്ത്രം വിതാനിക്കുമ്പോൾ തന്നെ ചെടികൾ നടുകയാണെങ്കിൽ ഇടയ്ക്കിടയ്ക്ക് നനച്ചേ തീരൂ. അല്ലാത്തപക്ഷം മഴയ്ക്കുശേഷം ചെടികൾ നട്ടാൽ മതിയാകും. ചാണകത്തിൽ കലർത്തി പുൽവിത്തുകൾ കയർഭൂവസ്ത്രം വിതാനിക്കും മുമ്പ് വിതറുകയുമാകാം.

5.7 നഗരങ്ങളിൽ അയ്യങ്കാളി നഗര തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. ആവശ്യമെങ്കിൽ വാർഷികപദ്ധതിയിൽ പ്രോജക്റ്റ് ഉൾപ്പെടുത്താവുന്നതാണ്.

5.8 ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപന പ്രദേശങ്ങളിലൂടെ ഒഴുകുന്ന തോടുകളുടെ കാര്യത്തിൽ തുടക്കം മുതൽ അവസാനം വരെ ശുചിയാക്കുന്നതിന് ശ്രമിക്കണം. ഇത് സംയുക്ത പ്രോജക്റ്റ് മാതൃകയിൽ നടപ്പാക്കാവുന്നതാണ്. വിശദാംശങ്ങൾക്ക് 14.02.2018 ലെ സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ് സിഡി മാർഗ്ഗരേഖയുടെ ഇനം 6.5.5 കാണുക.

5.9 ജില്ലാ ആസൂത്രണ സമിതി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ (ബ്ലോക്ക്, ജില്ലാപഞ്ചായത്ത് ഉൾപ്പെടെ) അധ്യക്ഷൻമാരുടെ സംയുക്തയോഗം വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ജനപങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതാണ്. ഓരോ പ്രവർത്തിയിലും പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള സംഘാടനം മുൻകൂട്ടി ചെയ്യണം.

5.10 ബഹുജനപങ്കാളിത്തം ഉറപ്പിക്കുന്നതിന് സന്നദ്ധസംഘടനകൾ, അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ പ്രധിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്ന് ആശയവും ലക്ഷ്യവും ബോദ്ധ്യമാക്കണം.

5.11 ഹരിതമിഷന്റെ ആഭിമുഖ്യത്തിലെ 'ഇനി ഞാൻ ഒഴുകട്ടെ' പരിപാടി വലിയ വിജയമായിരുന്നു. മിഷന്റെ പിന്തുണയും സഹായവും തദ്ദേശഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

5.12 തൊഴിലുറപ്പിന്റെ ഭാഗമായും സന്നദ്ധപ്രവർത്തനത്തെയും അടിസ്ഥാനമാക്കിയുള്ള ഈ തോട് ശുചീകരണ പ്രവർത്തനത്തോടൊപ്പം ജലസേചന വകുപ്പും, മണ്ണ്-ജലസേചന വകുപ്പും ഒട്ടേറെ തോടുകളുടെയും നദികളുടെയും ചെളി നീക്കം ചെയ്യലും ശുചീകരണവും ഏറ്റെടുക്കുന്നുണ്ട്. ഇരട്ടിപ്പ് ഒഴിവാക്കുകയും ഈ പ്രവൃത്തികളെല്ലാം തമ്മിൽ ഏകോപനം

ഉറപ്പുവരുത്തുകയും വേണം. ഇതിന് ആവശ്യമായ കൂടിയാലോചനാ യോഗങ്ങൾ ഡിപിസി തലത്തിലും തദ്ദേശഭരണ തലത്തിലും നടത്തേണ്ടതാണ്.

5.13 തോടുകളിലും ശുചീകരിക്കുന്ന കുളങ്ങളിലും മത്സ്യം വളർത്തുന്നതിനുള്ള പ്രോജക്ടുകൾ പ്ലാനിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിനുള്ള സാങ്കേതികസഹായങ്ങളും മത്സ്യക്കുഞ്ഞുങ്ങളും ഫിഷറീസ് വകുപ്പ് ലഭ്യമാക്കും.

6. **ഫലവൃക്ഷ തൈകൾ നട്ട് പരിപാലിക്കൽ**

6.1 പ്രതിവർഷം ഒരു കോടി ഫലവൃക്ഷ തൈകൾ വീതം നട്ടുവളർത്തുന്ന ഒരു ദശവത്സര പരിപാടിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി, ഹരിതകേരള മിഷൻ എന്നീ ഏജൻസികൾ വഴിയാണ് ഈ പദ്ധതി പ്രാദേശികമായി നടപ്പാക്കുക. കൃഷി വകുപ്പ് സംസ്ഥാനതലത്തിൽ ഇതിന് ഒരു ഏകോപന സമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ഇതിന് ആവശ്യമായ ഏകോപന സമിതികൾക്കു രൂപം നൽകണം.

6.2 മുൻകാലങ്ങളിലെന്നപോലെ ഇതൊരു വൃക്ഷതൈ വിതരണ പരിപാടിയായിരിക്കില്ല. മറിച്ച് പൊതുസ്ഥലത്ത് ആയാലും സ്വകാര്യ ഭൂമിയിൽ ആയാലും വൃക്ഷങ്ങൾ നടുന്നത് കൂട്ടായ ഒരു ജനകീയ പരിപാടിയാക്കുന്നതിനാണ് പരിശ്രമിക്കേണ്ടത്. ഓരോ പ്രദേശത്തും പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ പൊതു പ്രദേശങ്ങൾ കണ്ടെത്തി 'മാപ്പത്തോൺ' ഉപയോഗിച്ച് മാപ്പ് ചെയ്ത് ലിസ്റ്റ് ആക്കണം. ഒഴിഞ്ഞു കിടക്കുന്ന പൊതു സ്ഥലങ്ങൾ, ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, പുറമ്പോക്ക്, വിവിധ വകുപ്പുകളുടെ കൈയ്യിലുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിലും നടാം. 'പച്ചത്തുരുത്ത്' പദ്ധതിയുടെ മാതൃക ഇതിനായി സ്വീകരിക്കാവുന്നതാണ്.

6.3 ഇതിനു പുറമേ പുരയിടങ്ങളിൽ വ്യാപകമായി ഫലവൃക്ഷങ്ങൾ നടാം. വാർഡ് ഒന്നിന് 75 എണ്ണം വീതം തെങ്ങിൻ തൈകൾ നടുന്നതിന് കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മുരിങ്ങ, കറിവേപ്പില, അവക്കാഡോ, റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, സപ്പോട്ട, ഡ്രാഗൺ ഫ്രൂട്ട് തുടങ്ങിയവയും പുരയിടങ്ങളിൽ നടാം.

6.4 പച്ചത്തുരുത്തുകളിലും പുരയിടങ്ങളിലും വഴിയോരങ്ങളിലുമെല്ലാം വൃക്ഷങ്ങൾ നടുന്നതിനുള്ള തൈകൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ തന്നെ പരമാവധി നട്ടുവളർത്തുന്നതിനുള്ള നഴ്സറികൾ അടിയന്തിരമായി ഉണ്ടാക്കണം. തൊഴിലുറപ്പിന്റെ ഭാഗമായി ഈ നഴ്സറികൾ തയ്യാറാക്കാവുന്നതാണ്. തികയാത്തതിന് കൃഷിഭവനെയോ സോഷ്യൽ ഫോറസ്ട്രി വകുപ്പിനെയോ അറിയിക്കേണ്ടതാണ്.

6.5 സർക്കാർ അംഗീകൃത സ്വകാര്യ നഴ്സറികളിൽ നിന്നും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് തൈകൾ വാങ്ങാവുന്നതാണ്. വൃക്ഷതൈകൾ വാങ്ങുന്നതിനുള്ള ചെലവ് തൊഴിലുറപ്പ് പദ്ധതിയുടെ സാധന സാമഗ്രി ഘടകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

6.6 മെയ് മാസത്തിൽ മരങ്ങൾ നടാനുള്ള കുഴികളും പച്ചത്തുരുത്തുകളും സജ്ജീകരിക്കുകയും ഞാറ്റുവേലയ്ക്ക് വലിയ ജനകീയാഘോഷമായി കേരളത്തിലുടനീളം മരമഹോത്സവമായി

അവ നടുകയും വേണം. ഇവയുടെ അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള പരിപാലനവും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഉറപ്പുവരുത്തണം.

6.7 നേഴ്സറികൾ ആരംഭിച്ച് ഫലവൃക്ഷതൈകൾ ലഭ്യമാക്കുന്നതിന് കാർഷിക സംരംഭം എന്ന നിലയിലും പ്രോജക്റ്റ് തയ്യാറാക്കാം.

6.8 മരത്തിന്റെ ഇനം, നട്ട പ്രദേശം, സ്ഥലം ഉടമയുടെ പേര്, പരിപാലന ചുമതല തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി തയ്യാറാക്കണം. ഇത്തരം പ്രദേശങ്ങൾ ജിയോടാഗ് ചെയ്യുകയും വേണം. ഇതിന് ഹരിതകേരളം മിഷന്റെ സഹായം ഉപയോഗിക്കാവുന്നതാണ്.

6.9 സ്കൂൾ, സർക്കാർ ആഫീസ് കോമ്പൗണ്ടുകൾ എന്നിവിടങ്ങളിൽ അവിടുത്തെ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ തൈകൾ നടുന്നതിനും പരിപാലിക്കുന്നതിനും ചുമതലകൾ നൽകി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കണം.

6.10 തൈകൾ നട്ട് പരിപാലിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗര തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം. ആവശ്യമെങ്കിൽ മാത്രം വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതും ഉൽപാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

## 7. **ജൈവപച്ചക്കറി കൃഷി**

7.1 പച്ചക്കറി ഉൽപ്പാദനത്തിൽ കഴിയുന്നത്ര സ്വാശ്രയത്വം കൈവരിക്കുന്നതിനും വിഷരഹിത നല്ലഭക്ഷണം ഉറപ്പുവരുത്തുന്നതിനുംവേണ്ടി ജനകീയ കാമ്പയിനായി സംസ്ഥാനത്ത് ജൈവപച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിച്ചു വരികയാണ്. ഈ ലക്ഷ്യത്തോടെ കൂടുതൽ ശാസ്ത്രീയവും സാങ്കേതികവുമായ ഘടകങ്ങൾ ഉൾപ്പെടുത്തി കൃഷിവകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് ജീവനി. കൃഷി വകുപ്പിന്റെ സ്കീമുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ, കുടുംബശ്രീ, എൻഎൽജി സംരംഭങ്ങൾ, സഹകരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഇവയെല്ലാം തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഏകോപിപ്പിക്കണം. ഇതിനുള്ള ഏകോപനത്തിനും സാങ്കേതികോപദേശത്തിനുമുള്ള ഏജൻസിയാണ് കൃഷി ഭവൻ.

7.2 കുടുംബശ്രീ 20,000 ഹെക്ടർ പ്രദേശത്ത് ജൈവ കൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

7.3 മഴമറ (Rain Shelter) സംവിധാനമാണ് കേരളത്തിന് കൂടുതൽ അനുയോജ്യം. കൃഷി വകുപ്പ് ഇത് വലിയതോതിൽ പ്രോത്സാഹിപ്പിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മഴമറകൾ പ്രോജക്ടായി ഏറ്റെടുക്കുന്നതിന്റെ വിശദാംശങ്ങൾ 14.02.2018 ലെ സ.ഉ (കൈ)നം. 22/2018 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.11.22-ൽ (പേജ് 12) നൽകിയിട്ടുണ്ട്.

7.4 പച്ചക്കറികൃഷി പ്രോത്സാഹനത്തിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തുടരുന്നതാണ്. നിർബന്ധമായും ഇതിനുള്ള പ്രോജക്റ്റ്, പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

## 8. ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP)

8.1 പ്രാദേശിക സർക്കാരുകളുടെ ആഭിമുഖ്യത്തിൽ 2020-21 വാർഷിക പദ്ധതിയിൽ 50000 പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. തൊഴിൽ ഗ്രൂപ്പുകൾ, സ്വയം സഹായസംഘങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവ വഴിയാണ് തൊഴിൽ സൃഷ്ടിക്കേണ്ടത്.

8.2 മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ സംരംഭങ്ങൾ, ചെറുകിട വ്യവസായ സംരംഭങ്ങൾ, പ്ലാസ്റ്റിക് ബദൽ ഉല്പന്ന യൂണിറ്റുകൾ, സാങ്കേതിക സേവന കേന്ദ്രങ്ങൾ, ഇവന്റ് മാനേജ്മെന്റ് യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ, കാർഷിക മൂല്യ വർദ്ധിത യൂണിറ്റുകൾ, സേവനമേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള തൊഴിൽ ഗ്രൂപ്പുകൾ, സംരംഭകത്വ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങൾ മുതലായ സാധ്യതകൾ പ്രയോജനപ്പെടുത്തണം.

8.3 സംരംഭക ഗ്രൂപ്പുകൾക്ക് നിലവിലുള്ള വിവിധ സ്കിൽ പദ്ധതികൾ വഴി പരിശീലനം ലഭ്യമാക്കുന്നതാണ്. പ്രദേശത്തെ സാങ്കേതിക സ്ഥാപനങ്ങളുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്

8.4 യുവ എഞ്ചിനീയർമാർക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് അവസരമൊരുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളുടെ ഇന്റേൺഷിപ്പ് സ്കീമിന്റ ഭാഗമായി ഈ പരിപാടിക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നതാണ്.

8.5 സംരംഭക ഗ്രൂപ്പുകൾക്ക് സാങ്കേതിക ഉപദേശം ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിലെയും നഗരസഭകളിലെയും ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.

8.6 കുടുംബശ്രീയാണ് തൊഴിൽ സംരംഭങ്ങളുടെ ഒരു പ്രധാനപ്പെട്ട ഏജൻസി. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും താഴെപ്പറയുന്ന ഏതാനും തൊഴിൽ സംരംഭങ്ങളെങ്കിലും നിർബന്ധമായും ആരംഭിച്ചിരിക്കേണ്ടതാണ്.

- പ്ലാസ്റ്റിക് ബദൽ ഉല്പന്നങ്ങൾ:- പ്ലാസ്റ്റിക് നിരോധിച്ചതുമൂലമുണ്ടായ ക്യാരിബാഗുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പുനരുപയോഗ സാദ്ധ്യതയുള്ളതും പ്രകൃതി സൗഹൃദവുമായ വസ്തുക്കൾ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ ലഭ്യമാക്കാനുള്ള തൊഴിൽ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. {പേപ്പർ കവറുകൾ (യന്ത്രം ഉപയോഗിച്ചോ അല്ലാതെയോ), പഴയ വസ്ത്രങ്ങൾ ഉപയോഗിച്ചുള്ള സഞ്ചികൾ, പുതിയ തുണികൊണ്ടുള്ള ക്യാരി ബാഗുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സംരംഭക ഗ്രൂപ്പുകൾ.}
- ഹരിതകർമ്മ സേനകളുടെ ആഭിമുഖ്യത്തിലുള്ള സംരംഭങ്ങൾ
- ഹോംഷോപ്പുകൾ
- ഇറച്ചിക്കോഴി യൂണിറ്റുകൾ
- ന്യൂട്രിമിക്സ് ബ്രാൻഡിൽ പൊതുപോഷക ഭക്ഷണങ്ങൾ
- കരകൗശല ഉൽപ്പന്നങ്ങൾ

- റിപ്പയറിംഗിനും മറ്റു സർവ്വീസുകൾക്കും വേണ്ടിയുള്ള മൾട്ടി ടാസ്ക് ടീമുകൾ
- ഇവന്റ്മാനേജ്മെന്റ് ടീമുകൾ
- കാർഷികസംസ്കരണ യൂണിറ്റുകൾ

8.7 ഇത്തരം സംരംഭങ്ങൾക്ക് 14.02.2018 ലെ സ ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ് സിഡി മാർഗ്ഗരേഖയിൽ വിവരിക്കുന്ന പ്രകാരം തൊഴിൽ സംരംഭക യൂണിറ്റുകൾക്കുള്ള ധനസഹായമോ (ഖണ്ഡിക 6.4 പേജ് നം 31-32), സംരംഭക പ്രോത്സാഹന പദ്ധതിയുടെ ഭാഗമായുള്ള ധനസഹായമോ (പലിശ സബ് സിഡി ഉൾപ്പെടെ - ഖണ്ഡിക 6.4.21, പേജ് 36) നൽകാവുന്നതാണ്.

8.8 തദ്ദേശഭരണ അതിർത്തിയിൽ ആരംഭിക്കുന്ന ചകിരി മില്ലുകൾക്ക് ആവശ്യമായ തൊണ്ട് സംഭരിക്കുന്നതിന് തൊണ്ട് ഒന്നിന് 50 പൈസ വരെ നൽകാൻ മുൻ മാർഗ്ഗരേഖകൾ പ്രകാരം ഇപ്പോൾ തന്നെ അനുവാദമുണ്ട്.

8.9 പ്രവർത്തന മൂലധനത്തിന് എടുക്കുന്ന ബാങ്ക് വായ്പയുടെ പലിശ, സംരംഭക ഗ്രൂപ്പുകൾക്ക് പരിശീലനം, വിപണന സംവിധാനത്തിന് സഹായം എന്നിവയ്ക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

## 9. പൊതുവിദ്യാഭ്യാസ യജ്ഞം

9.1 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ അക്ഷരവും അക്കവും ഉറച്ചിട്ടില്ലാത്തവരെ അദ്ധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി റെമഡിയൽ വിദ്യാഭ്യാസം നൽകുന്ന ഒരു പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

9.2 പി.റ്റി.എ യോഗങ്ങൾ വിളിച്ച് ചേർത്ത് വിശദാംശങ്ങൾ ആവിഷ്കരിക്കുകയും തദ്ദേശഭരണ സ്ഥാപനം വിദ്യാഭ്യാസ പ്രോജക്ട് തയ്യാറാക്കുകയും വേണം. പരിഹാരബോധനത്തിനായി ഒട്ടേറെ സ്കീമുകൾ വിദ്യാഭ്യാസ വകുപ്പുതന്നെ ആവിഷ്കരിച്ചിട്ടുണ്ട്. അവ പരമാവധി പ്രയോജനപ്പെടുത്തണം. സ്കൂളുകളിൽ തന്നെ സാധാരണ അധ്യായനത്തോടൊപ്പം ഇതിനുള്ള പരിപാടി ആവിഷ്കരിക്കുന്നതായിരിക്കും നല്ലത്.

9.3 ആവശ്യമെങ്കിൽ വീടുകൾക്ക് അടുത്തുള്ള പകൽവീടുകളിലോ വയോ ക്ലബുകളിലോ സൗകര്യപ്രദമായ ഗ്രന്ഥശാലകളിലോ കലാ-സാംസ്കാരിക സമിതി കെട്ടിടങ്ങളിലോ സ്കൂളുകളിൽ തന്നെയോ ഇത് നടത്താവുന്നതാണ്. ഇതിനായി അനുയോജ്യരായ അദ്ധ്യപകരെ കണ്ടെത്തണം. വയോക്ലബ്ബിലെ അനുയോജ്യരായവരെയും ഇതിനായി ഉപയോഗിക്കണം.

9.4 ഓണം അവധിക്കാലത്ത് വിജയപ്രഖ്യാപനമായി കുട്ടികളുടെ അക്ഷരമഹോത്സവങ്ങളും കളിക്കൂട്ടങ്ങളും സംഘടിപ്പിക്കണം.

9.5 ആവശ്യമെങ്കിൽ ഇതിനുവേണ്ടി പ്രത്യേക പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## 10. പാലിയേറ്റീവ് പരിചരണം

**10.1** രോഗപ്രതിരോധ പ്രവർത്തനങ്ങളിലും രോഗാതുരത മോണിട്ടർ ചെയ്യുന്നതിലും കേരളം മുൻപന്തിയിലാണ്. ഓരോ തദ്ദേശഭരണസ്ഥാപന പ്രദേശത്തേയും പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത്. ഒപ്പം പാലിയേറ്റീവ് പരിചരണ രംഗത്തും കേരളം മുന്നിലാണ്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും എല്ലായിടത്തും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

10.2 ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നിർബന്ധമായും ഏറ്റെടുക്കേണ്ട ഒരു പ്രോജക്ടാണ് പാലിയേറ്റീവ് പരിചരണം. തദ്ദേശഭരണ സ്ഥാപനങ്ങൾ മറ്റ് തങ്ങളുടേതായിട്ടുള്ള സാന്ത്വനപരിചരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനു പകരം നിലവിലുള്ള സന്നദ്ധസംഘടനകളുടെയും മറ്റും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത്. ഓരോ തലത്തിലേയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ 7.3.2019 ലെ സ.ഉ (സാധാ)നം. 553/2019/ ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രാഥമിക പാലിയേറ്റീവ് പരിചരണ സംവിധാനം (ഹോം കെയർ സംവിധാനം) പ്രാവർത്തികമാക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കുമാണ്.

10.3 സന്നദ്ധ സംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് മേൽപ്പറഞ്ഞ മാർഗരേഖ പ്രകാരമുള്ള സഹായങ്ങൾ നൽകുന്നതിനുള്ള പ്രോജക്റ്റുകൾ എല്ലാ തലത്തിലേയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

## 11. പട്ടികവിഭാഗങ്ങളുടെ വികസനം

**11.1** തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള കോളനി/സങ്കേത നവീകരണ പദ്ധതികളുടെയും വീടുകളുടെയും പഠനമുറികളുടെയും സാമൂഹ്യ പഠന കേന്ദ്രത്തിന്റെയും സമയബന്ധിതമായ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കണം. സാമൂഹ്യപഠനകേന്ദ്രം പൂർത്തിയായി കഴിഞ്ഞാൽ അതിന്റെ ഫലപ്രദമായ വിനിയോഗത്തിന് നിർദ്ദേശിച്ചിട്ടുള്ള മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും കേന്ദ്രത്തെ കുട്ടികളുടെ റെമഡിയൽ കോച്ചിംഗ് സെന്ററായും വയോജന സേവന കേന്ദ്രമായും ഉപയോഗപ്പെടുത്തുന്നതിനുവേണ്ട നടപടിയും സ്വീകരിക്കണം.

**11.2** പട്ടികജാതി/പട്ടികവർഗ്ഗ പ്രതിഭകൾക്ക് പിന്തുണ എന്ന പ്രോജക്റ്റ് [**14.02.2019** ലെ സ.ഉ (കൈ) **22/2018/**തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക **7.2.16,** പേജ് നമ്പർ **67**] എല്ലാ ജില്ലാ പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും നിർബന്ധമായും ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

**11.3** കോളനി/ഊര് സന്ദർശനവും വികസനവിടവുകൾ കണ്ടെത്തലും:- പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഗ്രാമസഭ, ഊരുകൂട്ടം, വികസനസെമിനാർ, സ്റ്റേക്ക് ഹോൾഡർ യോഗങ്ങൾ എന്നിവ നടക്കുന്നുണ്ടെങ്കിലും ഊരുകളിലേയും

കോളനികളിലേയും സ്ഥിതി ആസൂത്രണ പ്രവർത്തകർക്ക് വേണ്ടത്ര പരിചിതമായി ക്കൊള്ളണമെന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗത്തിന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും നേരിട്ടുള്ള സന്ദർശനം സഹായകമാകും. കൃത്യമായ ഇടവേളകളിൽ ഇത്തരം സന്ദർശനം ആസൂത്രണം ചെയ്യാവുന്നതാണ്. ഇതിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വ്യാപകമായ പങ്കാളിത്തം ഉറപ്പാക്കണം. തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ / ഊരുകളിൽ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്റെയോ ജില്ലാകളക്ടറുടെയോ സാന്നിദ്ധ്യം ഉണ്ടാകുന്നത് അഭികാമ്യമായിരിക്കും. സന്ദർശനത്തിന്റെ ഭാഗമായി ചുവടെ പറയുന്ന വിവര ശേഖരണവും അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്.

(1) നിലവിലുള്ള സർക്കാർ പദ്ധതികളുടെ സഹായം അർഹതയുള്ള ആർക്കെങ്കിലും ലഭ്യമാകാതെയുണ്ടെങ്കിൽ അത് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

(2) ഊരുകളിലെ ആദിവാസികളിൽ ആധാർ, വോട്ടർ ഐ.ഡി, റേഷൻകാർഡ്, തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ് തുടങ്ങിയവ ഇല്ലാത്തവരായി ആരെങ്കിലും ഉണ്ടെങ്കിൽ അവർക്ക് അത്തരം രേഖകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

(3) തദ്ദേശഭരണസ്ഥാപനതലത്തിൽ ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ ഏതെല്ലാം എന്ന് ഗൃഹനാഥന്റെ പേരും വീട്ട് നമ്പരും രേഖപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പി.കെ. കാളൻ പദ്ധതി മാതൃകയിൽ തയ്യാറാക്കുകയും അവ ക്രോഡീകരിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപ്പാക്കുകയും ചെയ്യുക.

(4) സർക്കാരിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരേണ്ടുന്ന മേൽതട്ട് നിർദ്ദേശങ്ങൾ/ ആവശ്യങ്ങൾ മൈക്രോപ്ലാനുകളായി തയ്യാറാക്കി ഓരോ തദ്ദേശഭരണസ്ഥാപനവും ജില്ലാ ആസൂത്രണ സമിതി മുഖാന്തിരം സർക്കാരിന് സമർപ്പിക്കുക.

## 12. ദുരന്ത മാനേജ് മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ (നമ്മൾ നമുക്കായി)

12.1 സംസ്ഥാനത്ത് സമീപകാലത്തായി അനുഭവപ്പെടുന്ന വരൾച്ച, പ്രളയം, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് എന്നിവയെ അതിജീവിക്കുന്നതിനും ദുരന്തമുഖത്ത് പകച്ചുനിൽക്കാതെ ഇടപെടുന്നതിനും സാധിക്കുന്ന തരത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും ദുരന്ത മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ദുരന്ത മാനേജ് മെന്റ് പ്ലാനിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവൃത്തികളും ഉൾപ്പെടുത്തേണ്ടതാണ്. മാത്രമല്ല ഇവയെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുകയും വേണം.

12.2 2018 -ലെയും 2019 -ലെയും പ്രളയം തദ്ദേശഭരണസ്ഥാപന തലത്തിൽ വിവിധ മേഖലകളെ എങ്ങനെ ബാധിച്ചു, പ്രത്യേക മുൻകരുതൽ ഇല്ലാതെ അതിനെ നേരിട്ടതെങ്ങനെ, മുൻകരുതലെന്ന നിലയിൽ ഇനി എന്തൊക്കെ ചെയ്യണം എന്നിവ ഉൾപ്പടെയുള്ള അഭിപ്രായങ്ങളുടെ ക്രോഡീകരണമാണ് പ്ലാനിലെ മുഖ്യ ഘടകം.

12.3 ഇതിന്റെ രൂപീകരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ദുരന്ത മാനേജ് മെന്റ് പ്ലാനുകൾ സംബന്ധിച്ചുള്ള ഗ്രാമസഭകളിലെയും പ്രത്യേക വികസന സെമിനാറിലെയും ഗുണപരമായ ചർച്ചയാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തംകൊണ്ട് മെച്ചപ്പെട്ട ആശയ രൂപീകരണത്തിന് ഇടയാക്കും.

12.4 പ്രകൃതി ദുരന്തത്തിലും പ്രാദേശിക പ്രതിസന്ധി ഘട്ടത്തിലും സഹായമെത്തിക്കുന്നതിനായി 100 പേർക്ക് ഒരാൾ എന്ന നിലയിൽ സാമൂഹിക സന്നദ്ധ സേന രൂപീകരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു [01.01.2020 സ.ഉ (കൈ) നം.1/2020 പൊ.ഭ.വ]. ഈ സേനയുടെ പ്രാദേശിക പ്രവർത്തനതലം തദ്ദേശഭരണ സ്ഥാപനമായിരിക്കും. അവരുടെ ഒരു പ്രധാന പഠനസാമഗ്രി നമ്മൾ നമുക്കായി കാമ്പയിനിന്റെ ഭാഗമായി രൂപം നൽകുന്ന ദുരന്തനിവാരണ റിപ്പോർട്ട് ആയിരിക്കും. ഇനിയൊരു പ്രകൃതിദുരന്തം ഉണ്ടാകുമ്പോൾ നമ്മൾ തയ്യാറെടുത്തിരിക്കണം.

**പൊതു നിർദ്ദേശങ്ങൾ**

1. പന്ത്രണ്ടിന പരിപാടിയുടെ മുഖ്യ നിർവഹണ ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായിരിക്കും.
2. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെയും, കുടുംബശ്രീ മിഷൻ, തൊഴിലുറപ്പ് മിഷൻ, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, തുടങ്ങിയ മിഷനുകളുടെയും മറ്റ് ഏജൻസികളുടെയും ഏകോപനം ഉറപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനം നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട വകുപ്പുകൾ പ്രത്യേകിച്ച് കൃഷി വകുപ്പ്, ജലസേചന വകുപ്പ്, സാമൂഹ്യ വനവൽക്കരണ വകുപ്പ് തുടങ്ങിയവയുമായിട്ടുള്ള ഏകോപനം ഉറപ്പുവരുത്തണം. അതുപോലെ സാമൂഹ്യ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വലിയ തോതിൽ ബഹുജനങ്ങളെ പങ്കെടുപ്പിക്കുന്നതിനും കാര്യമായ പരിശ്രമം ഉണ്ടാകണം.
3. ഓരോ പരിപാടിയുടെയും പ്രവർത്തനം നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റികൾ അനുബന്ധമായി ചേർത്തിട്ടുള്ളത് പ്രകാരം രൂപീകരിക്കേണ്ടതും 2020 ഏപ്രിൽ 1 മുതൽ അവയുടെ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്. കമ്മിറ്റികളിലേക്ക് തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം അനുയോജ്യരായ മറ്റുള്ളവരെയും ഉൾപ്പെടുത്താവുന്നതാണ്.
4. പന്ത്രണ്ടിന പരിപാടിയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ ജില്ലാ തലത്തിൽ ജില്ലാ ആസൂത്രണ സമിതി അവലോകനം ചെയ്യേണ്ടതാണ്.
5. എല്ലാ ഒന്നും മൂന്നും വെള്ളിയാഴ്ചകളിൽ മേൽപ്പറഞ്ഞ 12 ഇന പരിപാടികളിൽ കൈവരിച്ച പുരോഗതി നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ പൂരിപ്പിച്ച് ഡിഡിപി / നഗരകാര്യ ഡയറക്ടർ വഴി സർക്കാരിൽ എത്തിക്കണം.
6. മേൽപറഞ്ഞ 12 പരിപാടികളും സമയബന്ധിതമായി നിർവ്വഹണം നടത്തേണ്ടതും അതിന്റെ പുരോഗതി (ഓണത്തിന് മുമ്പ്) ആഗസ്റ്റ് മാസത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ടതുമാണ്. 2020 ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെ നടക്കുന്ന ഭൗതിക നേട്ടങ്ങളുടെ വിവരങ്ങളാണ് പ്രസിദ്ധീകരിക്കേണ്ടത്.

7. ഇതോടൊപ്പം തദ്ദേശഭരണസ്ഥാപനതലത്തിൽ ഇപ്പോഴത്തെ ഭരണസമിതിയുടെ കാലയളവിൽ കൈവരിച്ച നേട്ടങ്ങളുടെ സംക്ഷിപ്ത വിവരങ്ങളും പ്രസിദ്ധീകരിക്കാവുന്നതാണ്.
8. ഇവ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ തുക ചെലവഴിക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമായി എടുക്കാവുന്നതാണ്.

*********

**പന്ത്രണ്ടിന പരിപാടി – നിർവഹണ മോണിട്ടറിംഗിന് രൂപീകരിക്കേണ്ട കമ്മിറ്റികൾ**

**ജനകീയ ഹോട്ടൽ (ഓരോ ഹോട്ടലിനും രൂപീകരിക്കണം)**

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| 3 | കൺവീനർ | | കുടുംബശ്രീ ചുമതലയുള്ള ഉദ്യോഗസ്ഥൻ (നിർവ്വഹണ ഉദ്യോഗസ്ഥൻ) | |
| 4 | ജോയിന്റ് കൺവീനർ | : | ഹോട്ടൽ സ്ഥിതി ചെയ്യുന്ന വാർഡിലെ എ.ഡി.എസ് ചെയർപേഴ്സൺ | |
| | | | | |
| 5 | അംഗങ്ങൾ | : | 1 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ |
| | | | 2 | ഹോട്ടൽ സ്ഥിതി ചെയ്യുന്ന വാർഡിലെ മെമ്പർമാർ (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്, നഗരസഭ) |
| | | | 3 | സംരംഭക ഗ്രൂപ്പിന്റെ കൺവീനർ |
| | | | 4 | ഹെൽത്ത് ഇൻസ്പെക്ടർ |
| | | | 5 | സന്നദ്ധപ്രവർത്തകൻ |
| | | | 6 | തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന സംഘടനാ പ്രതിനിധി |

**വയോ ക്ലബ്ബുകൾ (ഓരോ വയോജനക്ലബ്ബിനും രൂപീകരിക്കണം)**

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| 3 | കൺവീനർ | | നിർവ്വഹണ ഉദ്യോഗസ്ഥൻ | |
| 4 | ജോയിന്റ് കൺവീനർ | : | പെൻഷനേഴ്സ് / സീനിയർ സിറ്റിസൺ സംഘടനയുടെ പ്രതിനിധി | |
| | | : | | |
| 5 | അംഗങ്ങൾ | : | 1 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ |
| | | | 2 | വയോക്ലബ്ബ് സ്ഥിതിചെയ്യുന്ന വാർഡിലെ മെമ്പർമാർ (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്, നഗരസഭ) |
| | | | 3 | ആശാവർക്കർ |
| | | | 4 | പി.എച്ച്.സി ഡോക്ടർ/ JPHN |
| | | | 5 | സന്നദ്ധപ്രവർത്തകൻ |
| | | | 6 | തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പാലിയേറ്റീവ് സംഘടനാ പ്രതിനിധി |

## ശുചിത്വകേരളം (തദ്ദേശഭരണസ്ഥാപനതലം)

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| 3 | കൺവീനർ | | നിർവ്വഹണ ഉദ്യോഗസ്ഥൻ | |
| 4 | ജോയിന്റ് കൺവീനർ | : | JPHN/ആശാവർക്കർ | |
| | | | | |
| 5 | അംഗങ്ങൾ | : | 1 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ |
| | | | 2 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേ ശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി |
| | | | 3 | ഹരിതകർമ്മസേന അംഗം |
| | | | 4 | ശുചിത്വമിഷൻ |
| | | | 5 | ഹരിതകേരളം പ്രതിനിധി |
| | | | 6 | സന്നദ്ധ പ്രവർത്തക/ൻ |
| | | | 7 | തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന അയൽക്കൂട്ടം/ റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി |

## പൊതുടോയിലറ്റ് – ടേക്ക് എ ബ്രേക്ക് സംവിധാനം (തദ്ദേശഭരണസ്ഥാപനതലം)

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| 3 | കൺവീനർ | | നിർവ്വഹണ ഉദ്യോഗസ്ഥൻ | |
| 4 | ജോയിന്റ് കൺവീനർ | : | | |
| | | | | |
| 5 | അംഗങ്ങൾ | : | 1 | കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |
| | | | 2 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേ ശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി |
| | | | 3 | വ്യാപാരി വ്യവസായി ഏകോപനസമിതി/സമിതി പ്രതിനിധികൾ (ഒന്ന് വീതം) |
| | | | 4 | പെട്രോൾ പമ്പ് കമ്പനി/ഡീലർ പ്രതിനിധി |
| | | | 5 | സഹകരണസംഘം പ്രതിനിധി (PACS) |
| | | | 6 | പൊതുമേഖലാ സ്ഥാപന പ്രതിനിധി |

## തോടുകളുടെ ശുചീകരണം

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| | | | | |
| 3 | കൺവീനർ | : | സെക്രട്ടറി | |
| 4 | ജോയിന്റ് കൺവീനർ | : | തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന തൊഴിലുറപ്പ് മേറ്റ് | |
| 5 | അംഗങ്ങൾ | : | 1 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ |
| | | | 2 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി |
| | | | 3 | കുടുംബശ്രീ എ.ഡി.എസ് പ്രതിനിധി |
| | | | 4 | റസിഡന്റ്സ് അസോസിയേഷൻ/ അയൽക്കൂട്ട പ്രതിനിധി |
| | | | 5 | തൊഴിലുറപ്പ് മിഷൻ പ്രതിനിധി |
| | | | 6 | ജലസേചന വകുപ്പ് |
| | | | 7 | ഹരിതകേരളം പ്രതിനിധി |
| | | | 8 | ശുചിത്വമിഷൻ പ്രതിനിധി |
| | | | 9 | തൊഴിലുറപ്പ് തൊഴിലാളി പ്രതിനിധി |

## ഫലവൃക്ഷതൈകൾ നട്ടു പരിപാലിക്കൽ

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| | | | | |
| 3 | കൺവീനർ | : | കൃഷി ആഫീസർ (കൃഷിഭവൻ) | |
| 4 | ജോയിന്റ് കൺവീനർ | : | തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന തൊഴിലുറപ്പ് മേറ്റ് | |
| 5 | അംഗങ്ങൾ | : | 1 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ |
| | | | 2 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി |
| | | | 3 | തൊഴിലുറപ്പ് മിഷൻ പ്രതിനിധി |
| | | | 4 | തൊഴിലുറപ്പ് തൊഴിലാളി പ്രതിനിധി |
| | | | 5 | കർഷകത്തൊഴിലാളി സംഘടന പ്രതിനിധി |
| | | | 6 | സന്നദ്ധസംഘടന പ്രതിനിധികൾ |
| | | | 7 | സഹകരണ സംഘം പ്രതിനിധികൾ |
| | | | 8 | പി.റ്റി.എ പ്രതിനിധികൾ |
| | | | 9 | സർക്കാർ ജീവനക്കാരുടെ പ്രതിനിധികൾ |

## ജൈവപച്ചക്കറി കൃഷി

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| | | | | |
| 3 | കൺവീനർ | : | കൃഷി ആഫീസർ (കൃഷി ഭവൻ) | |
| 4 | ജോയിന്റ് കൺവീനർ | : | എ.ഡി.എസ്. പ്രതിനിധി | |
| 5 | അംഗങ്ങൾ | : | 1 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ |
| | | | 2 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേ ശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി |
| | | | 3 | പാടശേഖരം സമിതി പ്രതിനിധി |
| | | | 4 | കുടുംബശ്രീ |
| | | | 5 | കർഷക സംഘം പ്രതിനിധി |
| | | | 6 | സന്നദ്ധ പ്രവർത്തകൻ |
| | | | 7 | റസിഡന്റ്സ് അസ്സോസിയേഷൻ / അയൽക്കൂട്ട പ്രതിനിധി |

## ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| | | | | |
| 3 | കൺവീനർ | : | നിർവ്വഹണ ഉദ്യോഗസ്ഥൻ | |
| 4 | ജോയിന്റ് കൺവീനർ | : | സംരംഭക്ലബ് പ്രതിനിധി | |
| 5 | അംഗങ്ങൾ | : | 1 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ |
| | | | 2 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേ ശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി |
| | | | 3 | IEO ബ്ലോക്ക് പഞ്ചായത്ത് |
| | | | 4 | വ്യാപാരി വ്യവസായി / ഏകോപന/സമിതി പ്രതിനിധി |
| | | | 5 | എ.ഡി.എസ് പ്രതിനിധി |
| | | | 6 | സഹകരണ സംഘം പ്രതിനിധി (PACS) |

## പൊതുവിദ്യാഭ്യാസ യജ്ഞം

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| 3 | വൈസ് ചെയർമാൻ | : | ആരോഗ്യം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | |
| 4 | കൺവീനർ | : | നിർവ്വഹണ ഉദ്യോഗസ്ഥൻ - വിദ്യാഭ്യാസം | |
| 5 | ജോയിന്റ് കൺവീനർ | : | പി.റ്റി.എ പ്രസിഡന്റ് | |
| 6 | അംഗങ്ങൾ | : | 1 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി |
| | | | 2 | ഗ്രന്ഥശാല സംഘം പ്രാദേശിക പ്രതിനിധി |
| | | | 3 | പെൻഷനേഴ്സ് / സീനിയർ സിറ്റിസൺസ് പ്രതിനിധി |
| | | | 4 | സന്നദ്ധസംഘടനാ ഭാരവാഹി പ്രതിനിധി |
| | | | 5 | MPTA പ്രതിനിധി |
| | | | 6 | അദ്ധ്യാപക പ്രതിനിധി |

## പട്ടികവിഭാഗങ്ങളുടെ വികസനം

| | | | | |
|---|---|---|---|---|
| 1 | ചെയർമാൻ | : | തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ) | |
| 2 | വർക്കിംഗ് ചെയർമാൻ | : | തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | |
| 3 | വൈസ് ചെയർമാൻ | : | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | |
| 4 | കൺവീനർ | : | സെക്രട്ടറി | |
| 5 | ജോയിന്റ് കൺവീനർ(മാർ) | : | 1. പട്ടികജാതി വികസന ആഫീസർ<br>2. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | |
| 6 | അംഗങ്ങൾ | : | 1 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി |
| | | | 2 | അസിസ്റ്റന്റ് സെക്രട്ടറി (ഗ്രാമപഞ്ചായത്ത്) |
| | | | 2 | എസ്.സി/എസ്.റ്റി പ്രമോട്ടർ |
| | | | 3 | പട്ടികജാതി സമുദായ സംഘടന പ്രതിനിധി (LSG തലം) |
| | | | 4 | പട്ടികവർഗ്ഗ സമുദായ സംഘടനപ്രതിനിധി (LSG തലം) |
| | | | 5 | സന്നദ്ധ സംഘടന പ്രതിനിധി |
| | | | 6 | ആസൂത്രണ സമിതി വൈസ് ചെയർമാൻ |

## ദുരന്തമാനേജ്മെന്റ് പ്ലാനുകൾ (നമ്മൾ നമുക്കായി)

നിലവിലുള്ള ദുരന്തനിവാരണ പദ്ധതി മോണിറ്റർ ചെയ്യുന്ന സമിതി തന്നെ ഇത് മോണിറ്റർ ചെയ്യാവുന്നതാണ്.